വികസന സമിതികൾ പുന:സംഘടിപ്പിച്ച് കർഷകർക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകി വരുന്നു. കൂടാതെ കൃഷി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജനോപകാരപ്രദമായ പദ്ധതികൾക്ക് ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനാവശ്യമായ പബ്ലിസിറ്റി നൽകുന്നതിനും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ സഹായകരമാകുന്നു.

(ബി) കാർഷിക വൃത്തിയിലേക്ക് ജനങ്ങളെ ആകർഷിക്കുവാൻ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു. ഈ പ്രവർത്തനങ്ങൾ ഫലം കണ്ടിട്ടുണ്ട്. കാർഷിക പ്രവർത്തനത്തിൽ സ്ത്രീകളും കുട്ടികളുമടക്കം വലിയ ജന പങ്കാളിത്തം ഇപ്പോൾ ലഭിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ കൂടുതൽ ജനങ്ങളെ കൃഷിയിലേയ്ക്കാകർഷിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾക്ക് പുറമേ താഴെപ്പറയുന്ന പുതിയ പദ്ധതികളും കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു :

1. നെൽകൃഷിക്ക് സമ്പൂർണ്ണ ഇൻഷുറൻസ്
2. നാളികേര കർഷകർക്ക് പെൻഷൻ
3. വയനാട്ടിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി
4. ജൈവകൃഷി പ്രോത്സാഹനം
5. വനിതാ കർഷകർക്കുള്ള കാർഷിക പദ്ധതികൾ

സംസ്ഥാന കയർ കോർപ്പറേഷൻ പ്രവർത്തനങ്ങൾ

19 (*439) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കയർ വ്യവസായത്തിന്റെ വികസനത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന കയർ കോർപ്പറേഷൻ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ഭാഗമായി കോർപ്പറേഷൻ ഒരു ബ്ലന്റ്ഡ് യാൺ ഫാക്ടറി, യന്ത്രത്തറി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(ഡി) ഇവയുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ യൂണിറ്റുകൾക്ക് യഥാക്രമം എന്ത് തുക ചെലവിടാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) സംസ്ഥാനത്തെ കയർ വ്യവസായത്തിന്റെ വികസനത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന കയർ കോർപ്പറേഷൻ താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് അവർക്ക് ന്യായവില ഉറപ്പാക്കി വിപണനം ചെയ്യാനാണ് കയർ കോർപ്പറേഷൻ സ്ഥാപിച്ചത്. എന്നാൽ വളരെ വർഷങ്ങളായി 2006 വരെ കോർപ്പറേഷൻ ഇക്കാര്യത്തിൽ ഏറെക്കുറെ പൂർണ്ണമായും പരാജയമായിരുന്നു. ഈ സർക്കാർ മുൻകൈ എടുത്ത് കയർ ക്രയവില സ്ഥിരതാ പദ്ധതി ആവിഷ്ക്കരിച്ചു. അതുവഴി 7000-ത്തോളം ചെറുകിട ഉൽപ്പാദകർക്ക് അംഗീകൃത വിലയ്ക്ക് ഉൽപ്പന്നങ്ങൾക്കായി ഓർഡർ നൽകി സംഭരിച്ച് കയറ്റുമതിക്കാർക്ക് നൽകിവരുന്നു. ഇപ്പോൾ 120 കോടിയോളം രൂപയുടെ ഉൽപന്നങ്ങൾ ഇത്തരത്തിൽ സംഭരിച്ച് വിപണനം ചെയ്തു.

1. ആലപ്പുഴയിലെ കയർ കോർപ്പറേഷൻ ഹെഡ് ഓഫീസിനോടനുബന്ധിച്ച് നിലവിലുള്ള മോഡേൺ ഡൈ ഹൗസ് യൂണിറ്റിൽ കേരള സർക്കാരിന്റെ ധനമായ 110.50 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷിതവും ഇന്ധനചെലവു കുറഞ്ഞതുമായ സംവിധാനങ്ങളോടുകൂടിയ കോമൺ ഫെസിലിറ്റി കയർ പ്രോസസിംഗ് & റബ്ബർ ബാക്കിംഗ് സെന്റർ.

2. കയർ കോർപ്പറേഷന് ആലപ്പുഴയിലെ തിരുവിഴ കയർ പാർക്ക്-II-ൽ സ്വന്തമായുള്ള സ്ഥലത്ത് ആധുനിക സാങ്കേതിക വിദ്യകളോടു കൂടിയതും പൂർണ്ണ യന്ത്രവൽകൃതവുമായ കയർ ബ്ലെൻഡഡ് യാൺ സ്പിന്നിങ്ങ് റിസർച്ച് & ഓട്ടോമാറ്റിക് വീവിങ്ങ് ഫാക്ടറി (എ.സി.സി.ഡി.എസ്.-ന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടുകൂടി) സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

3. കയർ കോർപ്പറേഷന്റെ കോഴിക്കോട് ബേപ്പൂർ ഡിവിഷനിൽ നിലവിലുള്ള ചകിരി ചുരുട്ടൽ ഫാക്ടറിയുടെ (കേൾഡ് ഫൈബർ യൂണിറ്റ്) ആധുനികവത്കരണവും പുതിയ പരിസ്ഥിതി സന്തുലന യന്ത്രവൽകൃത ചകിരിമില്ലും ചകിരിച്ചോർ കട്ട നിർമ്മാണ ഫാക്ടറിയും.

4. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് തൊഴിലുറപ്പു പരിപാടിയിൽപ്പെടുത്തി കയർ ഭൂവസ്ത്ര ഭൂസംരക്ഷണ പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

മുൻവർഷം ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ അഞ്ച് ഗ്രാമപഞ്ചായത്തുകളിലായി 50 ലക്ഷം രൂപയുടെ കയർ ജിയോ ടെക്സ്റ്റയിൽ വിനിയോഗിച്ചുകൊണ്ട് മാതൃകാ പദ്ധതി പൂർത്തീകരിച്ചു. നടപ്പുവർഷത്തിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, അമ്പലപ്പുഴ, ചമ്പക്കുളം, വെളിയനാട്, പട്ടണക്കാട്, ആര്യാട്, കഞ്ഞിക്കുഴി ബ്ലോക്കുകളിലും കോട്ടയം ജില്ലയിലെ വൈക്കം ബ്ലോക്ക്, കൊല്ലം ജില്ലയിലെ കുണ്ടറ ബ്ലോക്ക് പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

5. ക്രയവില സ്ഥിരത പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ആലപ്പുഴ കയർ പാർക്ക്-II ൽ ബ്ലെൻഡഡ് യാൺ റിസർച്ച് ഫാക്ടറി, യന്ത്രത്തറി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ നടന്നു വരുന്നുണ്ട്.

(സി) കയർ ബ്ലെൻഡഡ് യാൺ റിസർച്ച് & വീവിങ്ങ് ഫാക്ടറിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടന്നു.

1. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിൽ കയർ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റിയുമായി സഹകരിച്ചുകൊണ്ട് സംയുക്ത സംരംഭമായി പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേരള സർക്കാരിന്റെ അംഗീകാരവും ധന സഹായവും ലഭ്യമാക്കി.

2. പദ്ധതിക്കുവേണ്ടി ആകെ 47500 ച.അടി വിസ്തീർണ്ണമുള്ള ഫാക്ടറി കെട്ടിടം നിർമ്മിക്കുന്നതിന് ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയതുപ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള കോൺക്രീറ്റിങ്ങ് ജോലികൾ ദ്രുതഗതിയിൽ നടക്കുന്നു. ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണം 2010 നവംബറിൽ പൂർത്തിയാക്കും.

3. പദ്ധതിക്ക് ആവശ്യമായ ഓട്ടോമാറ്റിക് സ്പിന്നിങ്ങ് യന്ത്രങ്ങൾ വാങ്ങുന്നതിന് ടെൻഡറുകൾ ക്ഷണിച്ച് നടപടികൾ പൂർത്തിയാക്കി. 2010 ഡിസംബറിൽ ടി യന്ത്രങ്ങൾ ഫാക്ടറിയിൽ സ്ഥാപിക്കും.

4. യന്ത്രത്തറികൾക്കായി ടെൻഡർ നൽകി നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. പദ്ധതിക്കാവശ്യമായ വൈദ്യുതി, ജലം, റോഡു സൗകര്യങ്ങൾക്കായി പ്രവർത്തനങ്ങൾ നടക്കുന്നു. താല്ക്കാലിക വൈദ്യുതി കണക്ഷൻ ലഭ്യമായിക്കഴിഞ്ഞു.

(ഡി) ബ്ലെൻഡഡ് യാൺ റിസർച്ച് & ഓട്ടോമാറ്റിക് ലൂം ഫാക്ടറിക്കുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഫാക്ടറി 2011 ജനുവരിയിൽ പ്രവർത്തനം ആരംഭിക്കും.

(ഇ) കയർ ബ്ലെൻഡഡ് യാൺ റിസർച്ച് & ഓട്ടോമാറ്റിക് ലൂം ഫാക്ടറിക്ക് ആകെ 301.775 ലക്ഷം രൂപയാണ് ചെലവിടുന്നതിന് തീരുമാനിച്ചിരിക്കുന്നത്.

കേരള സർക്കാർ ധനസഹായം	:	155.00 ലക്ഷം
എ.സി.സി.ഡി.എസ്. ധനസഹായം	:	146.775 ലക്ഷം
ആകെ അടങ്കൽ	:	301.775 ലക്ഷം

എ.സി.സി.ഡി.എസ് സംയുക്ത സംരംഭത്തിന് കയർ കോർപ്പറേഷന്റെ വിഹിതമായ 48.925 ലക്ഷം രൂപ അടയ്ക്കേണ്ടതുണ്ട്. ഈ തുക പൂർണ്ണമായും എ.സി.സി.ഡി.എസ്.-ൽ അടച്ചു കഴിഞ്ഞിട്ടുണ്ട്. ഈ തുക ഉൾപ്പെടെ ഇതുവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന തുകകൾ ചെലവായി.

1. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ	:	25000.00 രൂപ
2. ഫാക്ടറി കെട്ടിടത്തിനുള്ള പ്ലാൻ ഡിസൈനിംഗ്	:	23000.00 രൂപ
3. വൈദ്യുതി കണക്ഷൻ ചെലവുകൾ	:	16000.00 രൂപ
4. ടെൻഡറിംഗ് പ്രവർത്തനങ്ങൾ	:	78387.00 രൂപ
5. ജില്ലാ വ്യവസായ കേന്ദ്രത്തിനുള്ള ഫീസുകൾ	:	372476.00 രൂപ
6. സംയുക്ത സംരംഭത്തിനുള്ള കെ.എസ്.സി.സി. വിഹിതം	:	4892500.00 രൂപ
ആകെ	:	5407363.00

LIBRARY ARCHIVES Kerala Legislative Assembly